# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.487 25-10-2016 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീമതി. ഇ.എസ്.ബിജിമോൾ**
**ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ**
**ശ്രീ. ആർ.രാമചന്ദ്രൻ**
**ശ്രീ. കെ.രാജൻ**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സാമ്പത്തിക വർഷം പരിഷ്കരിക്കുന്നതിനുള്ള നടപടി

| | | |
|---|---|---|
| (എ) | നിലവിലുള്ള സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ എന്നതിൽ നിന്ന് വാർഷിക കലണ്ടറിലേതു പോലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെ എന്ന് പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നുവെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ; | ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവാണ് നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവർത്തിച്ചു വരുന്ന സാമ്പത്തിക വർഷം. എന്നാൽ ഒരു പുതിയ സാമ്പത്തിക വർഷക്രമം ആവിഷ്കരിക്കുന്നതിന്റെ പ്രായോഗികതയും സാധ്യതയും അവലോകനം ചെയ്യുന്നതിനായി മുൻ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന ഡോ.ശങ്കരാചാര്യ അദ്ധ്യക്ഷനായ ഒരു നാലംഗ സമിതിയെ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രം തേടിയിട്ടുണ്ട്. സാമ്പത്തിക വർഷക്രമം മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്തിമ നിലപാട് കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് അഭിപ്രായ രൂപീകരണത്തിനുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അഭിപ്രായ സമന്വയത്തിലൂടെ എത്തിച്ചേരുന്ന പുതിയ കാലക്രമം ഏതാണെന്ന് വ്യക്തമായെങ്കിലെ പ്രസ്തുത പരിഷ്ക്കാരം സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കാവുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്താനാവുകയുള്ളൂ. |
| (ബി) | പ്രസ്തുത പരിഷ്കരണത്തിലൂടെ സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക രീതികളിൽ എന്തൊക്കെ മാറ്റങ്ങളുണ്ടാകുമെന്ന് വ്യക്തമാക്കുമോ; | |
| (സി) | സാമ്പത്തിക വർഷകാലയളവിൽ വരുന്ന മാറ്റം മൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**